## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6710 9-11-2016 -ൽ മറുപടിക്ക്**

## ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് എന്നിവ ഒഴിവാക്കൽ

| | ചോദ്യം<br>ശ്രീ. ഡി.കെ. മുരളി : | | ഉത്തരം<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് എന്നിവ നടപ്പാക്കേണ്ടി വന്നിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ലോഡ്ഷെഡ്ഡിംഗ്, പവർകട്ട് എന്നിവ നടപ്പാക്കേണ്ടി വന്നിട്ടില്ല. |
| (ബി) | ഇവ ഒഴിവാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (ബി) | മദ്ധ്യകാല, ദീർഘകാല കരാറുകൾ മുഖേനയും DBFOO പ്രകാരവും 2016 ഡിസംബർ മുതൽ ലഭ്യമാക്കേണ്ടി യിരുന്ന വൈദ്യുതി ജൂൺ മുതൽ ലഭ്യമാക്കുക വഴിയും ജലവൈദ്യുതി ഉൽപ്പാദനം കുറയ്ക്കാനും ഇപ്രകാരം സംഭരണികളിലെ ജലം വരും മാസങ്ങളിലേക്ക് സംഭരിയ്ക്കാനും സാധിച്ചിട്ടുണ്ട്. 2017 മാർച്ച് മുതൽ ജൂൺ വരെയുള്ള കാലയളവിലെ ഉപഭോഗം പ്രതീക്ഷിച്ച് ഡീപ്പ്-ഇ-ബിഡ്ഡിംഗ് വഴി 200 MW വൈദ്യുതി വാങ്ങുന്നതിനുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇതുകൂടാതെ ഇപ്പോഴത്തെ സ്ഥിതി ഗതികൾ പരിഗണിച്ച് ലഭ്യതയ്ക്കനുസരിച്ച് 200 MW കൂടി ഇ-ബിഡ്ഡിംഗ് വഴി വാങ്ങുവാനും കൂടുതൽ വൈദ്യുതി പവർ എക്സ്ചേഞ്ചിൽ നിന്ന് വാങ്ങുവാനും തീരുമാനിച്ചിട്ടുണ്ട്. |

Hemalatha

**സെക്ഷൻ ഓഫീസർ**